പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 1580 31/01/2018 ലെ മറുപടിക്ക്

## അഗ്രോ പാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

**ചോദ്യം**

ശ്രീ .തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ഹൈബി ഈഡൻ

ശ്രീ. എൽദോസ്.പി കുന്നപ്പിള്ളിൽ

ശ്രീ. എ.പി. അനിൽ കുമാർ

**ഉത്തരം**

വി.എസ്. സുനിൽ കുമാർ

കൃഷി വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് അഗ്രോപാർക്കുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോപാർക്കുകൾ രൂപീകരിക്കുന്നതിനും നടപ്പാക്കുന്നതിനും Special Purpose Vehicle (SPV)ആയി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ സർക്കാർ ഉത്തരവ് (ആർ.റ്റി)നം. 625/2017/കൃഷി തീയതി, 22.06.2017 പ്രകാരം നിയമിച്ചിട്ടുണ്ട്. ആദ്യഘട്ടമായി തൃശ്ശൂർ ജില്ലയിലെ കണ്ണാറ ഫാമിൽ "ബനാന &ഹണി പാർക്ക്" സ്ഥാപിക്കുന്നതിന് DPR തയ്യാറാക്കി Kerala Infrastructure Investment Fund Board (KIIFB)-ന് സമർപ്പിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ആരംഭിക്കുന്ന പാർക്കുകളുടെ DPR തയ്യാറാക്കിവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വിഭാഗങ്ങൾ ഏകോപിപ്പിച്ചാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്; | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് 100 കോടിയുടെ ഭരണാനുമതി ജി.ഒ(എം.എസ്)നം.1/2018/എഡി തീയതി, 01-01-2018 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. കാർഷിക വിളകളുടെ സംഭരണം, മൂല്യവർദ്ധിത വസ്തുക്കളുടെ ഉത്പാദനം, വിപണനം തുടങ്ങിയ വിഭാഗങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുവാനായാണ് അഗ്രോ പാർക്കുകൾ ആരംഭിക്കുന്നത്. ആദ്യഘട്ടത്തിൽ ബനാന &ഹണി. പാർക്ക്, മാംഗോ പാർക്ക്, കോക്കനട്ട് പാർക്ക്, വെജിറ്റബിൾ പാർക്ക് എന്നീ പാർക്കുകളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) | കണ്ണാറ ഫാമിൽ "ബനാന & ഹണി പാർക്ക്" കേന്ദ്രസർക്കാരിൽ നിന്നുള്ള പ്രവർത്തന മൂലധന ഫണ്ട്, സംസ്ഥാന സർക്കാരിന്റെ വിഹിതം, സബ്സിഡി എന്നിവ എത്രയാണ്; വിശദമാക്കുമോ? | (സി) | Kerala Infrastructure Investment Fund Board (KIIFB)-യിൽ നിന്നും അനുവദിക്കുന്ന ഫണ്ട് മുഖാന്തിരമാണ് അഗ്രോപാർ ക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുള്ളത് |

സെക്ഷൻ ഓഫീസർ